2. വയനാട് ജില്ലയിലെ പനമരം ഗ്രാമപഞ്ചായത്തിൽ -ജി.ഒ.(എം.എസ്) നമ്പർ 79/2015/തൊഴിൽ, തീയതി 4-7-2015

3. മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ വാഴക്കാട് ഗ്രാമപഞ്ചായത്തിൽ - ജി.ഒ. (എം.എസ്) നമ്പർ 89/2015/തൊഴിൽ, തീയതി 21-7-2015

## ആറ്റിങ്ങൽ ഐ.ടി.ഐ.

**208 (5011)** ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആറ്റിങ്ങൽ ഐ.ടി.ഐ. സെന്റർ ഓഫ് എക്സലൻസ് ആക്കി ഉയർത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാമോ; ഒഴിവുള്ള അദ്ധ്യാപക തസ്തിക കൂടി നികത്തുന്ന തിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

ആറ്റിങ്ങൽ ഐ.ടി.ഐ. സെന്റർ ഓഫ് എക്സലൻസാക്കി ഉയർത്താനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ള ട്രേഡുകളിലെ ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും അധ്യാപകരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ ഇല്ലാത്ത ട്രേഡുകളിൽ എംപ്ലോയ്മെന്റ് /ഗസ്റ്റ് അദ്ധ്യാപകരെ നിയമിച്ച് ഒഴിവ് നികത്തപ്പെടുന്നു. നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്.

## കടുത്തുരുത്തി പെരുവ ഗവ. ഐ.ടി.ഐ.ക്കുള്ള പുതിയ കെട്ടിടം

**209 (5012)** ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ പെരുവ ഗവ. ഐ.ടി.ഐ.-ക്ക് മുളക്കുളം പഞ്ചായത്തു വക സ്ഥലം 12/6/2015 ലെ ജി ഒ.(ആർ.ടി) നം. 1767/ 2015/ എൽ. എസ്.ജി.ഡി. പ്രകാരം അനുവദിച്ചതിനെത്തുടർന്ന് ഇവിടെ കെട്ടിട നിർമ്മാണം നടത്തുന്നതിന് തൊഴിൽ വകുപ്പ് ഡി. പി. ആർ. സമർപ്പിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എത്രയും വേഗം ഡി. പി. ആർ സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; ഇതു സംബന്ധിച്ച് ട്രെയിനിംഗ് ഡയറക്ടറേറ്റിൽ ഫയൽ നിലവിലുണ്ടോ ; എങ്കിൽ ആയതിന്റെ നമ്പർ ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ഐ.ടി.ഐ.-ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച് തൊഴിൽ വകുപ്പിൽ നിലവിലുള്ള നം.1971/സി3/ലേബർ/15 ഫയലിൽ എത്രയും വേഗം തീരുമാനമെടുത്ത് പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

## ഉത്തരം

(എ) പെരുവ ഗവ. ഐ.ടി.ഐ.ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി മുളക്കുളം ഗ്രാമപഞ്ചായത്ത് ലഭ്യമാക്കാമെന്ന് വാഗ്ദാനം ചെയ്തിരുന്ന സ്ഥലം വകുപ്പിന് കൈമാറി ലഭിച്ചിട്ടില്ല. എന്നിരുന്നാലും മുളക്കുളം ഐ.ടി.ഐ. പ്രിൻസിപ്പാളിനോട് പരമാവധി 3 കോടി രൂപയിൽ നിജപ്പെടുത്തി അംഗീകൃത ഏജൻസിയിൽ നിന്നും റഫ് കോസ്റ്റ് എസ്റ്റിമേറ്റ് വാങ്ങി അയച്ചുതരുവാൻ നിർദ്ദേശം നൽകിയിട്ടുള്ളതായി ട്രെയിനിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(ബി) പരിശോധിച്ചുവരുന്നു.

## നഴ്സുമാർക്ക് നൈപുണ്യ പരിശീലനം

**210 (5013)** ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഴ്സുമാർക്ക് നൈപുണ്യ പരിശീലനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

## ഉത്തരം

(എ) ഉണ്ട്.

(ബി) സ്വകാര്യമേഖലയിലെ പരിചയസമ്പന്നരുമായി സഹകരിച്ച് നഴ്സുമാർക്ക് തൊഴിൽ നൈപുണ്യം മെച്ചപ്പെടുത്താനായി തിരുവനന്തപുരത്ത് നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (NICE) എന്ന സ്ഥാപനം പ്രവർത്തനമാരംഭിച്ചു. വിവിധതലത്തിലുള്ള നഴ്സുമാർക്ക് തൊഴിൽ നൈപുണ്യം,

LIBRARY ARCHIVES Kerala Legislative Assembly